കുറ്റവാളികളുടെ ബലാൽക്കാരമോചനം

(47) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ അറസ്റ്റുചെയ്തവരെ പോലീസ് സ്റ്റേഷനിൽനിന്ന് ബലാൽക്കാരമായി മോചിപ്പിച്ചുകൊണ്ടുപോയ എത്ര സംഭവങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ട്;

(ബി) പോലീസ് സ്റ്റേഷന് പുറത്തുവച്ച് അത്തരം എത്ര സംഭവങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) പോലീസ് സ്റ്റേഷനിൽനിന്ന് ബലാൽക്കാരമായി മോചിപ്പിച്ചുകൊണ്ടുപോയതും പോലീസ് സ്റ്റേഷനുപുറത്തുവച്ച് ബലാൽക്കാരമായി കക്ഷികളെ മോചിപ്പിച്ചുകൊണ്ടുപോയതും സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിലെ പ്രതികൾ ഏതു രാഷ്ട്രീയകക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആണെന്ന് പറയുമോ?

ഉത്തരം

(എ) ഇത്തരം ഒരു സംഭവവും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) 39 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 39 കേസ്സുകൾ

(ഡി) കോൺ. (ഐ), ബി.ജെ.പി., മുസ്ലീം ലീഗ്, സി.പി.ഐ.(എം).

തലശ്ശേരി, കൂത്തുപറമ്പ്, പാനൂർ, ചൊക്ലി എന്നീ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിലെ രാഷ്ട്രീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ

(48) ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി, കൂത്തുപറമ്പ്, പാനൂർ, ചൊക്ലി എന്നീ പോലീസ് സ്റ്റേഷനുകളുടെ അതിർത്തിക്കുള്ളിൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങളും, രാഷ്ട്രീയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ അതിർത്തിക്കുള്ളിൽ എത്ര പേരുടെ കൈകാലുകൾ ഛേദിച്ചിട്ടുണ്ട്;

(സി) ഈ കാലഘട്ടത്തിനുള്ളിൽ തലശ്ശേരി ആർ.ഡി.ഒ. എത്ര സമാധാന യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്;

(ഡി) അവിടെ കൂടുതൽ സമാധാനയോഗങ്ങൾ വിളിച്ചുകൂട്ടുവാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) നിരവധി സമാധാന യോഗങ്ങൾ ആർ.ഡി.ഒ. വിളിച്ചുകൂട്ടിയിട്ടും അവയെല്ലാം ലക്ഷ്യത്തിലെത്തിച്ചേരാത്ത സാഹചര്യത്തിൽ തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly